എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 7 | 2025 ജൂലൈ 05

കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള ഭാവിയിലേക്കുള്ള കേരളത്തിന്റെ ചുവടുവെയ്പ്

"Demystifying Carbon Credits: Opportunities for Stakeholders" എന്ന പ്രമേയത്തിൽ എനർജി മാനേജ്മെന്റ് സെന്റർ സംസ്ഥാനതലത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

2001-ൽ നിലവിൽ വന്ന ഊർജ സംരക്ഷണ നിയമത്തിന് 2022ൽ വരുത്തിയ നിയമഭേദഗതിയിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനും സുസ്ഥിര ഊർജപരിവർത്തനത്തിന് നേതൃത്വം നൽകുന്ന "ദേശീയ കാർബൺ ക്രെഡിറ്റ് വ്യാപാര പദ്ധതി" യ്ക്ക് വേണ്ട നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ച പശ്ചാത്തലത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ചടങ്ങ് ഉത്ഘാടനം ചെയ്തു. കഴക്കൂട്ടം നിയോജക മണ്ഡലം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ മുഖ്യ പ്രഭാഷണം നടത്തി. അനേർട്ട് സി ഇ ഒ നരേന്ദ്രനാഥ് വേലൂരി ആശംസകളർപ്പിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ ചടങ്ങിന് സ്വാഗതം പറഞ്ഞു

2023 സാമ്പത്തിക വർഷത്തിലെ 26,821 ദശലക്ഷം യൂണിറ്റ് ഊർജ ആവശ്യം 2040-ഓടെ 45,519 ദശലക്ഷം യൂണിറ്റായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ആവശ്യം നിറവേറ്റുന്നതിന് ചെലവുകുറഞ്ഞ അക്ഷയ ഊർജ സ്രോതസ്സുകളുടെ ഉപയോഗം അനിവാര്യമാണ്. കാർബൺ ക്രെഡിറ്റുകൾ ഇതിലേക്ക് ശക്തമായ ഉപാധിയാകും. ഹരിത പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നത് മുതൽ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ വഴി വരുമാനം സൃഷ്ടിക്കുന്നത് വരെയുള്ള സാധ്യതകളിതിലുണ്ട്. കൂടാതെ, സംസ്ഥാന ഊർജ കാര്യക്ഷമതാ പദ്ധതി രേഖ (SEEAP),കേരള എനർജി ട്രാൻസിഷൻ റോഡ് മാപ്പ് 2040 എന്നിവ ഗതാഗതം, കെട്ടിടങ്ങൾ, വ്യവസായം, കൃഷി, മത്സ്യബന്ധനം തുടങ്ങിയ മേഖലകളെ മുൻഗണനാ പട്ടികയിലാക്കുന്നു. ഈ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് കാർബൺ ക്രെഡിറ്റ് പദ്ധതികൾ പിന്തുണ നൽകുന്നത്.

പദ്ധതികളുടെ രൂപകൽപന, രജിസ്ട്രേഷൻ തുടങ്ങിയ ഘട്ടങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഇ എം സി ഇതിനകം കാർബൺ ക്രെഡിറ്റ് കൺസൾട്ടന്റുമാരുടെ ഒരു സംഘത്തെ എംപാനൽ ചെയ്തിട്ടുണ്ട്.

ഇ.എം.സി. എംപാനൽ ചെയ്ത കാർബൺ ക്രെഡിറ്റ് കൺസൾട്ടന്റുമാരുടെ പ്രതിനിധികളായ കവിൻ കുമാർ കന്ദസാമി (സി.ഇ.ഒ, പ്രോക്ലൈം സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്), ഡോ. അലോക് കുമാർ ഖോർ (ജനറൽ മാനേജർ, ഇൻഫിനിറ്റ് സൊല്യൂഷൻസ്), കാർത്തിക് റാവു (വൈസ് പ്രസിഡന്റ്, കോർ കാർബൺഎക്സ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്) എന്നിവർ സാങ്കേതിക സെഷനുകൾ കൈകാര്യം ചെയ്തു.

World Environment Day Celebrated at EMC: Hon'ble MLA Kadakampally Surendran Launches E-Book on Energy Conservation

The Energy Management Centre (EMC), Kerala, marked World Environment Day 2025 with a vibrant and impactful celebration focused on promoting energy conservation. The centrepiece of the event was the launch of an e-book aimed at spreading awareness on sustainable energy practices among the general public. Hon'ble MLA Kadakampally Surendran formally released the e-book by handing over the poster to Narendranath Veluri, IFS, CEO of ANERT. Authored by Beena T A , PRO at EMC, the e-book offers practical energy-saving tips, success stories, and policy insights in a user-friendly format enriched with visuals and infographics.

In his address, Kadakampally Surendran highlighted the need for collective climate action and citizen participation in energy conservation. Narendranath Velluri praised the initiative as a step forward in empowering communities through information and collaboration. The event reflected EMC's commitment to sustainable development and digital outreach. The e-book is freely accessible on EMC's official website to be disseminated widely to engage students, households, and institutions across Kerala.

NPTI Kerala Hosts Capacity Building Workshop on Energy Efficiency Financing

The National Power Training Institute (NPTI), Kerala, in collaboration with BEE and EMC-Kerala, conducted a two-day workshop on "Energy Efficiency Financing" on 23-24 June 2025 at its Alappuzha campus, aiming to equip banking professionals to support Energy Efficiency(EE) projects. The inaugural session featured key addresses by officials from NPTI, BEE, and EMC, including R. Ramar, P. Shyam Sunder, Dr. Harikumar, Muthukumar, and Johnson Daniel.

Experts from both energy and financial sectors led sessions on Energy Efficiency policies, financing tools, and regulations. The workshop also included an industry visit to FACT, Kochi, offering practical exposure to Energy Efficiency (EE) applications. With participation from over 20 professionals, the event served as a key platform for capacity building and promoting clean energy financing.

Vasudha Foundation and Energy Management Centre - Kerala Partner for a Sustainable Future- MoU signing

The Energy Management Centre - Kerala (EMC) has entered into a strategic partnership with Vasudha Foundation through the signing of a Memorandum of Understanding (MoU), aimed at advancing Kerala's sustainable energy goals.This collaboration focuses on three key areas: promoting electric cooking through innovative business models, enhancing energy data systems at all governance levels, and supporting the development of climate-smart plans for panchayats. Dr. R. Harikumar, Dinesh Kumar A N, Subhash Babu B V, Johnson Daniel, Sarath Krishnan, Srinivas Krishnaswamy, Raghav Pachouri, and Vikas Kumar were present at the event. The partnership is set to drive an inclusive, data-driven, and climate-resilient energy transition in the state.

ഊർജസംരക്ഷണ ബോധവത്കരണ പരിപാടിയായ 'ഉണർവ്' - മൂന്നാം എഡിഷൻ മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഊർജസംരക്ഷണ പാഠങ്ങൾ പകർന്നു നൽകുന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ ബോധവത്കരണ പരിപാടിയായ ഉണർവ് മൂന്നാം എഡിഷന് പരിസ്ഥിതി ദിനമായ ജൂൺ 5-ന് എനർജി മാനേജ്മെന്റ് സെന്ററിൽ തുടക്കമായി.

വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ചടങ്ങ് ഉത്ഘാടനം ചെയ്തു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ ഐ എ എസ് മുഖ്യ പ്രഭാഷണം നടത്തി. അനേർട്ട് സി ഇ ഒ നരേന്ദ്രനാഥ് വേലൂരി ആശംസകളർപ്പിച്ചു.

മണക്കാട് ഗവ. ടി ടി ഐ യിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ, അനുപ് സുരേന്ദ്രൻ വിദ്യാലയങ്ങൾക്കായി തയ്യാറാക്കിയ ഉണർവ് ബോർഡ് വിതരണം ചെയ്തു. പ്രോജക്ട് എൻജിനീയർ നീന മറിയം സോളമൻ ഊർജസംരക്ഷണ ക്ലാസ് നയിച്ചു.

പാഠ്യക്രമത്തിലൂടെ ഊർജത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളിലൂടെയും അധ്യാപകരിലൂടെയും ഈ സന്ദേശം കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുക എന്നതാണ് ഉണർവ് പരിപാടിയുടെ ലക്ഷ്യം. പരിപാടിയിൽ ഇലക്ട്രിക് സൈക്കിൾ പരിചയപ്പെടുത്തൽ എനർജി മാനേജ്മെന്റ് സെന്റർ ലാബ് സന്ദർശനം, അവബോധ ക്ലാസ്സുകൾ തുടങ്ങിയവ ഉൾപ്പെട്ടു.

കേരളത്തിൽ ഷെയേർഡ് കൂളിംഗ് ഇൻഫ്രാസ്ട്രക്ചർ ഇംപ്ലിമെന്റേഷൻ: വ്യാവസായിക ഫോറം തിരുവനന്തപുരത്ത് നടന്നു

പുനീത് കുമാർ IAS വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിൽ സുസ്ഥിര നഗരവികസനത്തിനായുള്ള ശ്രമങ്ങളുടെ ഭാഗമായി ഷെയേർഡ് കൂളിംഗ് ഇൻഫ്രാസ്ട്രക്ചർ (SCI) ഇംപ്ലിമെന്റേഷൻ സംബന്ധിച്ച വ്യാവസായിക ഫോറം തിരുവനന്തപുരത്ത് ഇ എം സി ക്യാമ്പസിൽ സംഘടിപ്പിച്ചു. അലയൻസ് ഫോർ എനർജി എഫിഷ്യന്റ് ഇക്കോണമി (A.E.E.E) സഹകരണത്തോടെ എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) ആതിഥേയത്വത്തിൽ നടന്ന പരിപാടിയിൽ നഗരങ്ങളിൽ ഉയർന്നുവരുന്ന ശീതീകരണ ആവശ്യകതകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ പരിഹാരങ്ങൾ ചർച്ച ചെയ്തു.

ഷെയേർഡ് കൂളിംഗ് ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഉപയോഗിച്ച് കേന്ദ്രീകൃതമായി തണുപ്പിച്ച ജലം ഇൻസുലേറ്റഡ് പൈപ്പുകളിലൂടെ കെട്ടിടത്തിൽ വിന്യസിപ്പിച്ച് ഇതിലൂടെ വൈദ്യുതി ഉപഭോഗം 50% വരെ വൈദ്യുത ലാഭം നേടാനും തദ്വാരാ കാർബൺ പുറന്തള്ളൽ കുറയ്ക്കാനും കഴിയുമെന്ന് വിദഗ്ദർ പറഞ്ഞു.

കേരളത്തിന്റെ ഈർപ്പമുള്ള കാലാവസ്ഥയും ശീതീകരണ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ പരസ്പരം പങ്കിടുന്ന ശീതീകരണ സംവിധാനങ്ങൾ വലിയ മാറ്റത്തിന് വഴിയൊരുക്കുമെന്ന് ചർച്ചയിൽ അഭിപ്രായമുണ്ടായി. പദ്ധതി നിർവഹണ മാതൃകകൾ, സാധ്യതാ പഠനങ്ങൾ, ഗ്രീൻ ബിൽഡിംഗ് മാനദണ്ഡങ്ങൾ വാണിജ്യ കേന്ദ്രങ്ങളിലേക്കുള്ള SCI വിപുലീകരണ സാധ്യത തുടങ്ങിയ വിഷയങ്ങൾ ഫോറത്തിൽ അവതരിപ്പിക്കപ്പെട്ടു.

ഉദ്ഘാടനം ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ I A S നിർവഹിച്ചു. ഡോ. ആർ ഹരികുമാർ പ്രമോദ് കുമാർ സിംഗ്, ഭാസ്കർ സർക്കാർ, ദുഷ്യന്ത് അഹൂജ എന്നിവർ സംസാരിച്ചു

അന്താരാഷ്ട്ര യോഗാ ദിനം

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനം 2025 ജൂൺ 21-ാം തീയതി യോഗ മാസ്റ്റർ കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി Rtd. അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ. അയ്യപ്പൻ നായർ ക്ലാസ് നയിച്ചു.

EMC Hosts Cluster-Level Workshop on Energy Efficiency in Seafood Sector Under ADEETIE Scheme in Kochi

The Energy Management Centre (EMC), in association with the Bureau of Energy Efficiency (BEE) and with the support of the Marine Products Export Development Authority (MPEDA), Government of India, and the Seafood Exporters Association of India (SEAI), conducted a Cluster -Level Workshop under the ADEETIE Scheme on 26th June 2025 at Hotel Olive Downtown, Kadavanthra, Kochi. The Federation of Indian Chambers of Commerce & Industry (FICCI) served as the knowledge partner for the event. The inaugural session began with the Welcome Address by Alex K. Ninan, Vice President, Seafood Exporters Association of India, followed by the Opening Remarks delivered by Johnson Daniel, Head (NMEEE and DSM) Division, EMC Kerala. Dr. R. Harikumar, Director, EMC delivered the presidential address. A Special Address was given by Ravishankar Prajapati, Joint Director, Bureau of Energy Efficiency (BEE). Dr. K. Raghavan IRS (Rtd), Secretary General, SEAI delivered the keynote address. Dr. M.K. Ram Mohan, Director, MPEDA, and Premchandra Bhatt, Kerala State President, Seafood Exporters Association of India, delivered felicitations. The inaugural session concluded with the Vote of Thanks by M. N. Girish, Senior Director, FICCI New Delhi.

The technical session brought together experts from the energy and financial sectors to discuss financing tools, emerging technologies, and implementation strategies for improving energy performance in seafood processing units. Presentations were delivered by representatives from Bureau of Energy Efficiency (BEE), Small Industries Development Bank of India (SIDBI), Kerala Financial Corporation (KFC), Tata Power, Athul Energy, and Equinoct, offering practical insights and case studies. With 50+ participants from seafood industries, financial institutions, and government bodies, the workshop served as a key platform for collaboration, knowledge exchange, and accelerating the adoption of clean energy measures—reinforcing the synergy between policy, industry, and finance in driving sustainable industrial transformation in Kerala.

Energy Management Centre Launches Weekly YouTube Series: "Energy Talks with EMC - അറിവിനു ഊർജം പകരാം"

The Energy Management Centre (EMC), Kerala, has launched a weekly YouTube series titled "Energy Talks with EMC - അറിവിനു ഊർജം പകരാം" to promote awareness on energy conservation, renewable energy, and sustainable living. Premiering every Thursday at 7:00 PM on EMC's official YouTube channel, each 10-15 minute episode features expert insights tailored for students, professionals, industrialists, and the general public. To enhance outreach, 30-60 second highlight reels will be shared on EMC's Instagram and Facebook platforms. This digital initiative reflects EMC's commitment to energy literacy and climate action, sparking conversations on Kerala's sustainable energy future.

Design & Layout: Prajeesh A.

Oorja Pathrika, Vol-6, Issue-7, 5th July 2025

Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

Energy Management Centre – Kerala
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256